• റിപ്പോർട്ട്





ഫോട്ടോ : സി.കെ. സുജിത്കുമാർ

# അതിരപ്പിള്ളി കേന്ദ്രസംഘത്തിന്റെ സന്ദർശനം

കേരളീയം വാർത്താശൃംഖല

ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം 2006 ജൂൺ 15-ന് ചാലക്കുടിയിൽ നടന്ന തെളിവെടുപ്പിൽ അതിരപ്പിള്ളി പദ്ധതിക്കും വാപ്കോസ് റിപ്പോർട്ടിനും എതിരായ അഭിപ്രായങ്ങളാണ് ഉയർന്നത്. ഇത് പ്രതിഫലിപ്പിക്കുന്ന രീതിയിലല്ല പാനൽ റിപ്പോർട്ട് നിർമ്മിച്ച് നൽകിയത് എന്ന ആക്ഷേപം ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറവും കേരളത്തിലെ മിക്ക പരിസ്ഥിതി സംഘടനകളും പ്രവർത്തകരും ഉന്നയിച്ചിരുന്നു. പാനൽ അംഗങ്ങൾ പോലും രേഖാമൂലം പരാതി നൽകിയിരുന്നു.

ഔദ്യോഗിക ഭാഷ്യത്തിനുമപ്പുറത്താണ് സത്യമെന്നും തീരുമാനമെടുക്കും മുമ്പ് അതറിയേണ്ടതുണ്ട് എന്നും ഉള്ള നിലപാടാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് ശുപാർശ സമർപ്പിക്കാൻ ചുമതലയുള്ള നദീതട-ജലവൈദ്യുത പദ്ധതികൾക്കായുള്ള വിദഗ്ധ സമിതി സ്വീകരിച്ചത്. ഇതിന്റെയടിസ്ഥാനത്തിലാണ് കമ്മിറ്റി ചെയർമാൻ പ്രൊഫ. പി.ജി. ശാസ്ത്രി, സെക്രട്ടറി ഡോ. എസ്. ഭൗമിക്, ഡോ. എസ്. ചന്ദ, സി.ഡബ്ല്യു.സി. പ്രതിനിധി ഡോ. ആർ.കെ. ഖന്ന, ഡോ. എസ്.പി. കുശ്വാഹ എന്നിവരടങ്ങുന്ന അഞ്ചംഗസംഘം ഏപ്രിൽ 11, 12, 13 തിയ്യതികളിൽ കേരളം സന്ദർശിച്ചത്. കെ.എസ്.ഇ.ബി.ക്കായിരുന്നു സന്ദർശന പരിപാടി ക്രമീകരിക്കുന്നതിന്റെ ചുമതല.

ആദ്യദിവസം കൊച്ചിയിൽവെച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരെ കാണാനും, 12ന് പദ്ധതി പ്രദേശം സന്ദർശിക്കാനും, 13ന് ടൗൺഹാളിൽ വെച്ച് പൊതു തെളിവെടുപ്പ് നടത്താനും ആയിരുന്നു കെ.എസ്.ഇ.ബി. തയ്യാറാക്കിയ പരിപാടി. ഏപ്രിൽ 11ന് നെടുമ്പാശ്ശേരിയിൽ എത്തുന്നതിനുമുമ്പുതന്നെ തങ്ങളുടെ സന്ദർശനോദ്ദേശം പൂർണ്ണമായി ഉൾക്കൊള്ളാതെയാണ് പരിപാടികൾ ക്രമീകരിച്ചതെന്ന ബോദ്ധ്യം സംഘത്തിനുണ്ടായിരുന്നു.

പദ്ധതിക്കനുകൂലമായ നിലപാടെടുക്കണമെന്ന് മന്ത്രിതലത്തിൽത്തന്നെ നിർദ്ദേശിച്ചിരുന്നുവെന്നും സർക്കാർ സംവിധാനങ്ങൾ അധാർമ്മികമായി ഉപയോഗിച്ചുവെന്നും പരാതിയുണ്ടായിരുന്നു. പദ്ധതിക്കെതിരായും അനുകൂലമായും ഉന്നയിക്കപ്പെട്ടിട്ടുള്ള വാദഗതികൾക്കും പരാതികൾക്കും അടിസ്ഥാനമായ കണക്കുകളും ശാസ്ത്രീയമായ തെളിവുകളും സ്വീകരിക്കാനും പരിശോധിച്ച് തീരുമാനത്തിലെത്താനുമായിരുന്നു വിദഗ്ധസമിതിയുടെ താൽപര്യം. വൈകാരിക സമീപനമല്ല ശാസ്ത്രീയമായ വിലയിരുത്തലാണ് കമ്മിറ്റി ആഗ്രഹിച്ചിരുന്നത്. തങ്ങൾ മുൻധാരണകളില്ലാതെയാണ് വന്നിട്ടുള്ളതെന്നും കേരളത്തിലെ പൊതുസമൂഹം മുൻവിധികളില്ലാതെ തുറന്ന മനസ്സോടെ പ്രതികരിക്കണമെന്നും ചെയർമാൻ ശാസ്ത്രി അഭ്യർത്ഥിച്ചു.

ഏപ്രിൽ 12ന് പദ്ധതി പ്രദേശം സന്ദർശിക്കുന്ന വേളയിൽത്തന്നെ അതിരപ്പിള്ളിയിൽ നിന്നും 60 കിലോമീറ്റർ അകലെ തൃശൂരിൽവെച്ച് പൊതുജനാഭിപ്രായമറിയാൻ ഏർപ്പാടുണ്ടാക്കിയത് തദ്ദേശവാസികളെ കഴിയുന്നത്ര ഒഴിവാക്കാനും അനുകൂലാഭിപ്രായക്കാർക്ക് മുൻതൂക്കം ലഭിക്കാനുമാണെന്ന് ആക്ഷേപമുണ്ടായി. തൃശൂരിൽ ഇതിന്നകം ക്രമീകരിച്ച പരിപാടി റദ്ദാക്കാൻ സാങ്കേതികമായി തങ്ങൾക്കാവില്ലെന്നും തദ്ദേശവാസികൾക്ക് ഇത്രയും ദൂരം യാത്രചെയ്ത് തൃശൂരിലെത്തുന്നതിന്റെ ബുദ്ധിമുട്ട് അംഗീകരിക്കുന്നുവെന്നും അവരുടെ പരാതികൾ പദ്ധതിപ്രദേശത്തുവച്ചുതന്നെ ചർച്ച ചെയ്യാമെന്നും ഉള്ള സമീപനമാണ് സംഘം സ്വീകരിച്ചത്.

തുമ്പൂർമുഴിയിൽവെച്ച് റിവർ പ്രൊട്ടക്ഷൻ ഫോറത്തിനുവേണ്ടി എസ്.പി.

രവി, പി. മധുസൂദനൻ, ജി. കൃഷ്ണൻ എന്നിവർ പദ്ധതിയെ എതിർക്കുന്നത് അടിസ്ഥാനമായ സാങ്കേതിക-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിച്ചു.

കണ്ണൻകുഴിയിൽവെച്ച് തദ്ദേശവാസികളും വനസംരക്ഷണ സമിതി, മർച്ചന്റ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളും തങ്ങളുടെ ജീവിതമാർഗ്ഗം നിലച്ചുപോകുന്നതിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു. വെള്ളച്ചാട്ടം നിലനിർത്തുമെന്ന കെ.എസ്.ഇ.ബിയുടെ വാഗ്ദാനം അവർ നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽതന്നെ അവിശ്വസനീയമാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു.

വാഴച്ചാലിൽ നിർദ്ദിഷ്ട അണക്കെട്ടിന്റെ 500 മീറ്റർ പരിധിയിൽവരുന്ന കാടർ കോളനി പദ്ധതിരേഖയിൽ 3 കി.മീ അകലെ എന്നും ടി.ബി.ജി.ആർ. ഐ. റിപ്പോർട്ടിൽ 4 കി.മീ അകലെയെന്നും കാണിച്ചതിലെ തെറ്റ് 2002 ലെ പൊതുതെളിവെടുപ്പിൽ ചൂണ്ടിക്കാണിച്ചിരുന്നു. എങ്കിലും പിന്നീടുണ്ടാക്കിയ വാപ്കോസ് റിപ്പോർട്ടിൽ കോളനിയെപ്പറ്റി പരാമർശം പോലും ഒഴിവാക്കി. ഈ സാഹചര്യത്തിലാണ് കോളനിവാസികൾക്കുവേണ്ടി കെ. ഗീത ഹൈക്കോടതിയെ സമീപിച്ചത്. ഹൈക്കോടതി ഉത്തരവുപ്രകാരം ജൂൺ 15ന് നടന്ന തെളിവെടുപ്പിലും ഇക്കാര്യം വീണ്ടും അവതരിപ്പിച്ചിരുന്നുവെങ്കിലും ഔദ്യോഗിക അംഗങ്ങൾ തയ്യാറാക്കിയ റിപ്പോർട്ട് അർഹിക്കുന്ന പ്രാധാന്യം നൽകിയില്ല. തുടർന്ന് മന്ത്രി ബിനോയ് വിശ്വത്തിന് പരാതി നൽകുകയും ട്രൈബൽ കമ്മീഷണർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി ഗീത സംഘത്തിന് നൽകി.

നിർമ്മിക്കാനുദ്ദേശിക്കുന്ന അണക്കെട്ടിന്റെ 500 മീ. താഴെയാണ് പ്രാക്തന ഗോത്രവർഗ്ഗമായി (പി.ടി.ജി) ഭാരത സർക്കാർ അംഗീകരിച്ചിട്ടുള്ള കാടർ വിഭാഗത്തിൽപ്പെട്ട അമ്പതിലധികം കുടുംബങ്ങൾ താമസിക്കുന്ന കോളനിയെന്നും അണക്കെട്ടിന്റെ നിർമ്മാണഘട്ടത്തിലും തുടർന്നും ഇവർക്ക് ബുദ്ധിമുട്ടുകളുണ്ടാകുമെന്നും റിപ്പോർട്ട് പറയുന്നു. 2006 പാർലമെന്റ് പാസ്സാക്കിയ വനവാസി (അവകാശ സംരക്ഷണ) നിയമപ്രകാരം ഉള്ള അവകാശങ്ങൾ പരിഗണിച്ചുകൊണ്ടുമാത്രമേ അണക്കെട്ടും ജലസംഭരണിയും നിർമ്മിക്കണമോ വേണ്ടയോ എന്ന തീരുമാനം എടുക്കാനാവൂ എന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

സംഘാദ്ധ്യക്ഷന്റെ നിർബന്ധപൂർവ്വമായ ചോദ്യങ്ങൾക്കുമുന്നിലും 'അണക്കെട്ട് വേണ്ടാ, ഇവിടെ ജീവിക്കാനനുവദിക്കണം' എന്ന അഭ്യർത്ഥന ആവർത്തിക്കപ്പെടുകയാണുണ്ടായത്.

പുകയിലപ്പാറ കോളനിയിലെ സന്ദർശനം, കെ.എസ്.ഇ.ബിയിൽ നാട്ടുകാർക്കുള്ള അവിശ്വാസം ബോധ്യപ്പെടുത്തുന്ന വിധമായിരുന്നു. വിശ്വാസം വീണ്ടെടുക്കാനുള്ള ശ്രമം നടത്തണമെന്ന് പ്രൊഫ. ശാസ്ത്രി നിർദ്ദേശിക്കുകയും ചെയ്തു. മിക്കവാറും വറ്റിവരണ്ട ഒരു കുളം മാത്രമായി അവശേഷിച്ച റിസർവോയറാണ് പെരിങ്ങൽകുത്തിൽ സംഘത്തിന് കാണാൻ കഴിഞ്ഞത്. രാത്രി 7 മണിയോടെ സംഘം വാഴച്ചാലിൽ തിരിച്ചെത്തിയപ്പോൾ കോളനിവാസികൾ ഒന്നടങ്കം തങ്ങളെ പറിച്ചുമാറ്റുന്നതിലുള്ള സങ്കടം ഒരിക്കൽക്കൂടി പ്രകടിപ്പിച്ചു.

ഏപ്രിൽ 13ന്. ടൗൺഹാളിൽ കൂടിയവരോട് ആമുഖമായി പ്രൊഫ. ശാസ്ത്രി പറഞ്ഞത്, ഇത് ഒരു പൊതുതെളിവെടുപ്പല്ല എന്നും തങ്ങൾക്ക് പൊതുതെളിവെടുപ്പ് നടത്താൻ ചുമതലയോ അധികാരമോ താൽപര്യമോ ഇല്ലെന്നും ആണ്. വ്യത്യസ്ത അഭിപ്രായങ്ങളാണ് തങ്ങൾക്ക് കേൾക്കേണ്ടതെന്നും അതിനാൽ ആവർത്തനങ്ങൾ ഒഴിവാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷനുവേണ്ടി ശ്രീ. പ്രദീപ്കുമാറും ഫെഡറേഷനുവേണ്ടി ശ്രീ. ഗോപീകൃഷ്ണൻനായരും പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. ഇത് ചെറിയ തടയണ മാത്രമാണെന്നും ഉൽപാദന ചെലവ് കുറവാണെന്നും അവർ വാദിച്ചു. മേലൂർ, കാടുകുറ്റി, പരിയാരം പഞ്ചായത്ത് പ്രസിഡണ്ടുമാരായ ബാബു, കെ.ഡി. വർഗീസ്, യു.ജി. വേലായുധൻ, ജില്ലാ പഞ്ചായത്തംഗം ഇ.സി. സുരേഷ് എന്നിവർ പദ്ധതിയെ അനുകൂലിച്ചു. വികസന പദ്ധതികൾ ആവശ്യമാണെന്നും നിലവിൽ അണക്കെട്ടുകൾ ഉള്ളതുകൊണ്ടാണ് ചാലക്കുടി പുഴ നിലനിൽക്കുന്നതെന്നും പുതിയ ജലസംഭരണി ജലവിനോദസഞ്ചാരത്തിന് സഹായമാകുമെന്നും പലരും പ്രശ്നങ്ങളെ പെരുപ്പിച്ചു കാണിക്കുകയാണെന്നും അനുകൂലിക്കുന്നവർ പറഞ്ഞു.

അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡണ്ട് കാഞ്ചന വിജയൻ പദ്ധതി നടപ്പിലാക്കുന്നത് തന്റെ സമുദായത്തിൽപ്പെട്ട കാടർ കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും പദ്ധതിക്കെതിരെ താൻ അവസാനം വരെയും അവരോടൊപ്പം നിലകൊള്ളുമെന്നും പ്രഖ്യാപിച്ചു.

സിപിഐ ജില്ലാ കമ്മിറ്റിയംഗം കെ. കെ. ഷെല്ലി, ജനതാദൾ സംസ്ഥാന സമിതിയംഗം സാണ്ടർ പി. തോമസ്, എൻസിപിക്കുവേണ്ടി മുനിസിപ്പൽ കൗൺസിലർ ബിജു എസ്. ചിറയത്ത്, അതിരപ്പിള്ളി മുൻ പഞ്ചായത്ത് പ്രസിഡണ്ട് പി.എം. പുഷ്പാംഗദൻ, വനസംരക്ഷണ സമിതി വൈസ് പ്രസിഡണ്ട് ശാരദ പ്രസാദ്, പുത്തൻവേലിക്കര പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷാജൻ എന്നിവർ പദ്ധതിയെ എതിർത്തു. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ജൂൺ 15ലെ പൊതു തെളിവെടുപ്പ് പാനലിലെ അംഗവുമായ ലീന ഡേവിസ് പദ്ധതിയെ എതിർത്തു. വേണ്ടത്ര ചർച്ചകൾ നടത്തി ഒരു സമവായ റിപ്പോർട്ട് ഉണ്ടാക്കാൻ ശ്രമിക്കാതെ ഔദ്യോഗിക പ്രതിനിധികൾ മുൻധാരണയോടുകൂടി ഉണ്ടാക്കിയ റിപ്പോർട്ട് അംഗങ്ങളെ ഒറ്റയ്ക്കൊറ്റക്ക് കണ്ട് ഒപ്പ് വെപ്പിക്കുകയായിരുന്നു എന്ന് ലീന കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. താനും പാനലിലെ മറ്റൊരംഗമായ സന്ധ്യാ ഉണ്ണികൃഷ്ണനും ചേർന്ന് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി നൽകിയിരുന്നു. അത് എത്തേണ്ടിടങ്ങളിലെത്തിയോ എന്നറിയില്ല. ഡൽഹിക്ക് അയച്ച റിപ്പോർട്ടിന്റെ കോപ്പി ഇതുവരെയും പാനലംഗങ്ങൾക്ക് പോലും ലഭ്യമാക്കിയിട്ടില്ല.

പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകനായ സി.ആർ. നീലകണ്ഠൻ അതിരപ്പിള്ളി ഒരു തടയണ മാത്രമാണെന്ന് വാദത്തെ ഖണ്ഡിച്ചു. അണക്കെട്ടുകൾക്കായുള്ള ലോക കമ്മീഷന്റെ വർഗ്ഗീകരണപ്രകാരം 15 മീ. കൂടുതൽ ഉയരമുള്ളവ വലിയ ഡാമുകളാണ്. അതിരപ്പിള്ളിയുടേത് 21 മീ. ഉയരമുള്ള ഡാമാണ്.

ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ ആയ ഡോ. വി.എസ്. വിജയൻ തനിക്ക് ഈ പരിപാടിയെക്കുറിച്ചുള്ള അറിവ് 12-ാം തിയ്യതി വൈകിയാണ് ലഭിച്ചതെന്ന് സൂചിപ്പിച്ചു. നേരത്തെ രണ്ട് പൊതുതെളിവെടുപ്പുകളിലും ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഇപ്പോഴും

നിലനിൽക്കുകയാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനുവേണ്ടി പ്രൊഫ. വി.ആർ. രഘുനന്ദൻ അശാസ്ത്രീയവും അപൂർണ്ണവുമായ വാപ്കോസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കരുതെന്ന പരിഷത്ത് നിലപാട് വ്യക്തമാക്കുന്ന പ്രമേയം സമർപ്പിച്ചു.

ഡോ. എം.കെ. പ്രസാദ്, ഡോ. എം.പി. പരമേശ്വരൻ എന്നിവരും പദ്ധതിക്കെതിരായി രേഖാമൂലമുള്ള നിവേദനങ്ങൾ നൽകി.

അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ഡേവിസ് കിഴക്കുംതല കാടർ വിഭാഗത്തിൽപ്പെട്ട ആയിരത്തി അഞ്ഞൂറോളം പേർ മാത്രമാണ് ഇന്ന് അവശേഷിക്കുന്നതെന്നും അത് ഇരുപത് ശതമാനവും പദ്ധതി പ്രദേശത്താണ് താമസിക്കുന്നതെന്ന് വ്യക്തമാക്കി. പുനരധിവാസ ബാദ്ധ്യതയിൽനിന്ന് രക്ഷപ്പെടാൻ വാപ്കോസ് പഠനത്തിൽനിന്നും ഇവരെ മനഃപൂർവ്വമായി ഒഴിവാക്കിയെന്ന് അദ്ദേഹം ആരോപിച്ചു. തുച്ഛമായ നേട്ടത്തിനു വേണ്ടി വികസനത്തിന്റെ പേരിൽ മനുഷ്യത്വഹീനമായ പ്രവർത്തി ചെയ്യരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഡോ. സി.എം. ജോയ് (കേരള നദീ സംരക്ഷണ സമിതി ജനറൽ സെക്രട്ടറി), ഡോ. എലിസബത്ത് (റിട്ട. അസോസിയേറ്റ് പ്രൊഫസർ, കാർഷിക സർവ്വകലാശാല), പി.കെ. ധർമ്മരാജൻ (നിലനിൽപ്പ്, കൊടുങ്ങല്ലൂർ), ശിവൻകുട്ടി (ഫാസ് പാഡി), ഫ്രാൻസിസ് പുളിക്കൻ (മർച്ചന്റ്സ് അസോസിയേഷൻ, അതിരപ്പിള്ളി), അഫ്സൽ (സോളിഡാരിറ്റി മൂവ്മെന്റ്), ശ്രീധരൻ തേറമ്പിൽ (അതിരപ്പിള്ളി-പാത്രക്കടവ് ഐക്യദാർഢ്യ സമിതി, തൃശൂർ), സോനു (പുത്തൻവേലിക്കര കുട്ടിക്കളിക്കൂട്ടം), എന്നിവർ പദ്ധതിക്കെതിരായ വാദമുഖങ്ങളും വാപ്കോസ് റിപ്പോർട്ടിലെ അപാകതകളും ചൂണ്ടിക്കാട്ടി. തദ്ദേശവാസികളെ പ്രതിനിധാനം ചെയ്ത് എം.കെ. അമ്മിണി പദ്ധതി നടപ്പിലാക്കരുതെന്ന് അഭ്യർത്ഥിച്ചു.

മൂന്നുദിവസവും കേന്ദ്രസമിതിക്കൊപ്പം പര്യടനം നടത്തിയ കെഎസ്ഇബി ഔദ്യോഗിക സംഘത്തിന്റെ സംവേദനം ഏപ്രിൽ 13ന് ടൗൺഹാളിൽ നടന്ന ചടങ്ങിന് ഔപചാരികമായ സ്വാഗതവും കൃതജ്ഞതയും പറയുന്നതിലൊതുങ്ങി. ഒരിക്കൽപോലും മനസ്സ് തുറക്കാൻ കെഎസ്ഇബി തയ്യാറായില്ല. പദ്ധതിയെപ്പറ്റി ആധികാരികമായി അറിയാവുന്ന ശാസ്ത്രസാങ്കേതിക വിദഗ്ധരടങ്ങുന്ന കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ ഭിന്നാഭിപ്രായമുള്ളവരുമായി ആശയ വിനിമയം നടത്താനുള്ള അവസരം സൃഷ്ടിക്കാൻ എന്തുകൊണ്ടോ കെഎസ്ഇബി അറച്ചുനിൽക്കുന്നതായി തോന്നി. വേണ്ടതു വേണ്ടപ്പോൾ ചെയ്യാത്തതുകൊണ്ട്, ഇതിനകം ഏറെ വൈകിയ പദ്ധതി ഇനിയും നീണ്ടുപോകുന്നതിലുള്ള ഉത്തരവാദിത്വം ആരുടെ തലയിലാണ് കെട്ടിവയ്ക്കുക?

---

36-ാം പേജിൽനിന്ന് തുടർച്ച

## പ്ലാച്ചിമട – ഭാവി...

ഹ്യൂമനിസം തുടങ്ങിയ പദങ്ങൾക്കുള്ള ഒരു സാർവ്വലൗകിക സ്വീകാര്യത ഈ വാക്കിനുണ്ടെന്നർത്ഥം. പക്ഷെ ഈ വാക്കുകൾക്ക് വ്യത്യസ്ത അർത്ഥമാകും ഉണ്ടാകുക. പക്ഷെ അതു പ്രശ്നമല്ല. ലാറ്റിനമേരിക്കയിൽ ഒരാൾ കമ്മ്യൂണിസ്റ്റ് എന്നു പറയുന്നതല്ല കേരളത്തിൽ അങ്ങനെ പറയുന്നത്. ലോകത്തെവിടെയും ആർക്കും അതെടുത്തുപയോഗിക്കാൻ അവകാശമുണ്ട്. മറ്റൊരു കൂട്ടർ അതു ചോദ്യം ചെയ്തേക്കാം. ആരാണ് ശരിയായ കമ്മ്യൂണിസ്റ്റ് ഗാന്ധിയൻ എന്നൊക്കെ തർക്കമുണ്ടാകാം. ഇപ്പോൾ പ്ലാച്ചിമടയുടെ പേരിലും ഇതുണ്ടാകാം. അതിനുള്ള ആരുടെ അവകാശവും നിഷേധിക്കാൻ പാടില്ല. കമ്മ്യൂണിസ്റ്റ്, ഗാന്ധിയൻ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ കപടന്മാർ ഉപയോഗിക്കുന്നു. പ്ലാച്ചിമടയിലും അതുണ്ടാകാം. അതാരുടെയും ഒസ്യത്തല്ല. നാളെ സിപിഎമ്മിനും കോൺഗ്രസിനും പ്ലാച്ചിമട സമരം തുടങ്ങാമെന്നർത്ഥം.

പ്ലാച്ചിമടയിലും അതിന്റെ പേരിലും ഇപ്പോൾ നടക്കുന്ന സമരത്തേയും ഞാൻ അങ്ങനെ തന്നെ കാണുന്നു. പ്ലാച്ചിമട പഠനം ഏറെക്കാലമായി നടക്കുന്നു. പക്ഷെ അതെന്തിന്? ആരെ പഠിപ്പിക്കുന്നു? ആർ പഠിപ്പിക്കുന്നു? അവിടെ ഉയരുന്ന പല പ്രയോഗങ്ങൾ പോലും തദ്ദേശീയരുടെതല്ലായെന്ന് എനിക്കു തോന്നുന്നു. സ്വാദ്ധ്യയസംഘം, ജലാധികാരം തുടങ്ങിയവ ഇത്തരത്തിൽപ്പെട്ടതാണ്. ഈ വാക്കുകൾ ഒരിക്കലും ആദിവാസികളും നാട്ടുകാരുമുണ്ടാക്കിയതല്ല. സർക്കാരിനെതിരായി സമരം ചെയ്യണം തീർച്ച. പക്ഷെ അത് ഇത്തരത്തിലാണോ? അതിനുള്ള വിപുലമായ ജനകീയ ഐക്യനിരയുണ്ടോ? ഒന്നുമറിയില്ല. ചുരുക്കിപ്പറയാം. സമരം രാഷ്ട്രീയകക്ഷികളിൽനിന്ന് 'നവസാമൂഹ്യപ്രസ്ഥാനങ്ങൾ' ഏറ്റെടുത്തുവെന്നത് ഒരു വ്യത്യാസവും വരുത്തില്ല. പേരുകേൾക്കാൻ സുഖമുണ്ടെങ്കിലും പലപ്പോഴും (അല്ല മിക്കപ്പോഴും) ഈ നവസാമൂഹ്യ പ്രസ്ഥാനങ്ങൾ സഞ്ചരിക്കുന്നത് വ്യവസ്ഥാപിത കക്ഷിരാഷ്ട്രീയച്ചാലുകളിലൂടെത്തന്നെയാണ്. കക്ഷിരാഷ്ട്രീയവുമായി തുറന്ന സംവാദം നടത്താൻ ധൈര്യമില്ലാത്തതിനാൽ 'ഒളിച്ചുപിടിച്ച' കക്ഷിരാഷ്ട്രീയം കൈകാര്യം ചെയ്യുന്നവരാണിതിൽ വലിയൊരു പങ്കും എന്നതാണ് പ്രശ്നം. പേരെന്തായാലും ഇന്നും എന്നും നടക്കുന്നത് 'വർഗസമരം' തന്നെയാണ്. 'വർഗം' എന്നതിന് പരമ്പരാഗത മാർക്സിസ്റ്റുകാർ നൽകുന്ന സങ്കുചിത അർത്ഥമല്ല, ടി.ടി. ശ്രീകുമാർ പറയുന്ന 'പാർശ്വവൽകൃതർ' (ഇരകൾ എന്നോ ചൂഷിതർ എന്നോ പറയാം. പക്ഷെ എതിർവശത്ത് ഒളിഞ്ഞും തെളിഞ്ഞും മൂലധനവും അധികാരവും തന്നെയാണ്) ഇതിൽ ഒരുപക്ഷത്തുതന്നെയാണ്. ഇവരെ 'തൊഴിലാളി വർഗ'മായി കാണാൻ കമ്മ്യൂണിസ്റ്റുകാർക്കു കഴിയില്ലെങ്കിൽ അവർക്ക് ഇന്നത്തെ വർഗസമരം മനസ്സിലാകുന്നില്ലെന്നേ പറയാനാകൂ. പക്ഷെ വർഗസമരത്തെ 'പഠനവും' 'യാത്രയും' മറ്റുമാക്കി ചുരുക്കുന്നത് വലതുപക്ഷ രാഷ്ട്രീയമാണ്. അതല്ല പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയം.

*'തണൽ', കൊച്ചി – 21*


**കേരളീയം പ്രതീക്ഷിക്കുക**

- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ:ഡോ.എം.പ്രസാദ്
- സാമ്പത്തിക പതിപ്പ്- ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- മഴ – അറിവ്, അനുഭവം
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- കുടുംബം, ലൈംഗികത
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- ടൂറിസം (സഞ്ചാരം) പ്രത്യേക പതിപ്പ്